*Lalith Babu*

# ഇന്ത്യയിലെ ആധുനിക Office Procedure ന്റെ ചരിത്രം

പൊതു സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേഷൻ നിശ്ചിതമായ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നിർവഹിക്കപ്പെടുന്നത്. ഇന്ത്യയിലെ മിക്കവാറും ഓഫീസുകളിലെയും നടപടിക്രമങ്ങൾ ഏറെക്കുറെ സമാന രീതിയിലുള്ളതാണ്. ഇന്ത്യയിലെ സർക്കാർ ഓഫീസുകളിൽ പ്രധാനമായും MOP (Manual of Office Procedure) പ്രകാരമാണ് അഡ്മിനിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുന്നത്. ഈ നടപടിക്രമം Tottenham system of office procedure എന്ന് അറിയപ്പെടുന്നു. Sir Richard Tottenham എന്ന പേരുള്ള ഒരു ബ്രിട്ടീഷ് കലക്ടറായിരുന്നു ഈ നടപടിക്രമം ചിട്ടപ്പെടുത്തിയത്. അതുകൊണ്ടാണ് ഈ നടപടിക്രമത്തെ "***Tottenham system of office procedure***" എന്ന് വിളിക്കുന്നത്.

## Sir Richard Tottenham

1946 ൽ ബ്രിട്ടീഷ് കാലഘട്ടത്തിൽ മദ്രാസ് പ്രൊവിൻസിലെ നോർത്ത് ആർക്കോട്ട് എന്ന ജില്ലയിലെ ജില്ലാ കലക്ടറായിരുന്നു Sir Richard Tottenham. ബ്രിട്ടീഷ് അധികാരികളുടെ നിർദ്ദേശ പ്രകാരം ഇന്ത്യയിലെ ഓഫീസ് അഡ്മിനിസ്ട്രേഷനു വേണ്ടി Sir Richard Tottenham മൂന്നു നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുകയുണ്ടായി .

1. സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ (SOM)
2. ബോർഡ് ഓഫ് റവന്യൂ ഓഫീസ് മാന്വൽ (BOM)
3. ജില്ലാ ഓഫീസ് മാന്വൽ (DOM)

സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ (SOM) സെക്രട്ടേറിയറ്റിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു

ബോർഡ് ഓഫ് റവന്യൂ ഓഫീസ് മാന്വലിൽ (BOM) റവന്യൂ ബോർഡിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു. (ബോർഡ് ഓഫ് റവന്യൂ ഇന്ന് നിലവിലില്ല. 1996 ൽ Kerala Board of Revenue abolition Act, എന്ന നിയമ പ്രകാരം 1996 ൽ ഈ സ്ഥാപനം നിർത്തലാക്കി )

## Kerala Board of Revenue

Kerala Board of Revenue Act, 1957 ന്റെ അടിസ്ഥാനത്തിലായിരുന്നു കേരളത്തിൽ ബോർഡ് ഓഫ് റവന്യൂ സ്ഥാപിതമായത്. സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി സംബന്ധിച്ച് നടപടികൾ സ്വീകരിക്കുക എന്നതായിരുന്നു ബോർഡിന്റെ പ്രധാന കർത്തവ്യം. 6 മെമ്പർമാർ അടങ്ങിയതായിരുന്നു ബോർഡ്. മുതിർന്ന ഐ. എ. എസ് കാരായിരുന്നു മെമ്പർമാർ. ലാൻഡ് റവന്യൂ, ഗതാഗതം, രജിസ്ട്രേഷൻ, ലോട്ടറി, സർവേ, എക്സൈസ്, സിവിൽ സപ്ലൈസ് എന്നിങ്ങനെയുള്ള വകുപ്പുകളുടെ administrative head ബോർഡ് ഓഫ് റവന്യൂ ആയിരുന്നു. വകുപ്പുകളുടെ കോ-ഓർഡിനേഷൻ നടത്തി സർക്കാരിനും ജില്ല ഭരണകൂടത്തിനുമിടയിൽ പ്രധാനപ്പെട്ട പല കർത്തവ്യങ്ങളും ബോർഡ് ഓഫ് റവന്യൂ നിർവഹിച്ചിരുന്നു. എന്നാൽ ബോർഡ് ഓഫ് റവന്യൂവിന്റെ പ്രവർത്തനം കൊണ്ട് കാര്യമായ നേട്ടം ഇല്ല എന്ന് പിന്നീട് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ Kerala Board of Revenue Abolition Act,1996 എന്ന നിയമപ്രകാരം ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കുകയും ബോർഡിനു പകരം കമ്മീഷണർമാരെ നിയോഗിക്കുകയും ചെയ്തു.

ജില്ലാ ഓഫീസ് മാന്വൽ (DOM) റവന്യൂ വകുപ്പിന്റെ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകൾ തുടങ്ങിയ ഓഫീസുകൾക്കായി ഉദ്ദേശിച്ചുള്ളതാണ്. ഇന്നുള്ള മിക്കവാറും വകുപ്പുകളും ബ്രിട്ടീഷ് ഭരണകാലത്ത് റവന്യൂ വകുപ്പിന്റെ ഭാഗമായിരുന്നു.

### റവന്യൂ വകുപ്പ് -പ്രധാന നാഴിക കല്ലുകൾ

| | |
|---|---|
| 1772 | വാറൻ ഹേസ്റ്റിംഗ്സ് കളക്ടർ എന്ന തസ്തിക സൃഷ്ടിച്ചു |
| 1786 | ബംഗാളിൽ ബോർഡ് ഓഫ് റവന്യൂ സ്ഥാപിച്ചു |
| 1883 | കേരളത്തിൽ മേലാസ്ഥി വകുപ്പ് എന്നറിയപ്പെട്ട റവന്യൂ (എക്സൈസ്,കൃഷി, ദേവസ്വം ) ധനകാര്യം എന്നിവ 1883 വരെ നിലനിന്നു |
| 1883 | റവന്യൂ സെറ്റിൽമെന്റ് വകുപ്പ് സ്ഥാപിച്ചു |
| 1886 | തിരുവിതാംകൂർ മഹാരാജാവ് സെറ്റിൽമെന്റ് വിളംബരം പുറപ്പെടുവിച്ചു. ശാസ്ത്രീയമായ സർവേ ആരംഭിച്ചു |
| 1905 | എക്സൈസ് വകുപ്പ് റവന്യൂ വകുപ്പിൽ നിന്നും വേർപെടുത്തി |
| 1908 | കൃഷി വകുപ്പ് റവന്യൂ വകുപ്പിൽ നിന്നും വേർപെടുത്തി |
| 1923 | ദേവസ്വം വകുപ്പ് റവന്യൂ വകുപ്പിൽ നിന്നും വേർപെടുത്തി |
| 1963 | ട്രഷറി വകുപ്പ് റവന്യൂ വകുപ്പിൽ നിന്നും വേർപെടുത്തി |
| 1966 | കേരളത്തിൽ റീസർവ്വേ ആരംഭിച്ചു |
| 1975 | സിവിൽ സപ്ലൈസ് വകുപ്പ് റവന്യൂ വകുപ്പിൽ നിന്നും വേർപെടുത്തി |
| 1984 | റവന്യൂ വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് സംയോജിപ്പിച്ചു |
| 1996 | കേരളത്തിൽ ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കി, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് നിലവിൽ വന്നു |

കേരള സംസ്ഥാനത്തിലെ സെക്രട്ടറിയേറ്റിൽ Secretariat Office Manual (SOM) എന്ന നടപടിക്രമമാണ് ബാധകമാകുന്നത്. സംസ്ഥാനത്തിലെ കലക്ടേറ്റിലെ നടപടിക്രമം

ജില്ലാ ഓഫീസ് മാനുൽ (DOM) പ്രകാരമാണ്. MOP (Manual of Office procedure ) പൊതുവായിട്ടുള്ള ഒരു നടപടി ഗ്രന്ഥമാണ് . ഓരോ വകുപ്പുകൾക്കും പ്രത്യേകം പ്രാധാന്യമുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല അപ്രകാരമുള്ള ആവശ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പ് തന്നെ നടപടിക്രമങ്ങൾ തയാറാക്കി അനുബന്ധമായി MOP യോടൊപ്പം ചേർക്കുന്നു. ഉദാ:- പോലീസ് വകുപ്പിന്റെ ഓഫീസുകളിലെ ഓഫീസ് നടപടികൾ Manual of Office procedure (Police ) എന്ന പ്രത്യേക നടപടിക്രമ പ്രകാരമാണ് സ്വീകരിക്കുന്നത്. ആ വകുപ്പിലെ ജീവനക്കാർ ആ പരീക്ഷയാണ് പാസ്സാകേണ്ടത്. മറ്റു വകുപ്പുകളിൽ സാധാരണ MOP (Manual of Office procedure ) ആണ് ബാധകമാകുന്നത്. പ്രത്യേകമായി MOP യിൽ മാറ്റം നിഷ്കർഷിച്ചിട്ടില്ലാത്ത വകുപ്പുകളെ സംബന്ധിച്ചിടത്തോളം PSC നടത്തുന്ന ഡിപ്പാർട്ട്മെൻറ് പരീക്ഷയിൽ Common Test for all Department എന്ന വിധത്തിലാണ് MOP പരീക്ഷ നടത്തുന്നത്.